# ത്രീയേക ദൈവം

ത്രീയേക ദൈവം എല്ലാവർക്കും ദൈവം
ഹിന്ദുവിനും മുസൽമാനും
ശ്രീയാർന്ന ദൈവം സ്നേഹാദ്രി തന്നെ
നിത്യ സത്യ സ്നേഹരൂപി (ത്രീയേക...)

വേർപാടു മാറ്റും ഭിന്നതകൾ നീക്കും
ലോകമാകെയേകമാക്കും
ദുർമോഹം മാറ്റി സ്വാർത്ഥതകൾ നീക്കി
ധർമ്മമെല്ലാം ഒന്നായ് തീരും (ത്രീയേക...)

എല്ലാ ജാതിയേയും ശിഷ്യരാക്കും ലോഗോസ്
യേശുവായ് രൂപപ്പെട്ടു
ദുർലോഭമോഹം കൂടാതെ ത്യാഗം
ലോകം കാൺമാൻ കേന്ദ്രമാക്കി (ത്രീയേക...)

റൂഹായിൻ ശക്തി ലോകമാകെയുണ്ട്
ശത്രുവിനെ തോൽപ്പിച്ചീടാൻ
ശ്ലീഹാമാരായി ദൂതുഘോഷിക്കുന്ന
സ്നേഹിതരായ് തീർന്നിടേണം (ത്രീയേക...)

മാറ്റമില്ലാതെ ദൈവം മാറ്റമുള്ള ലോകേ
സ്നേഹമാർന്ന നീതിയത്രേ
കാറ്റുപോലെ വീശി സ്നേഹാഗ്നി കൂട്ടി
ലോകമാകേ സ്വർഗ്ഗമാക്കും (ത്രീയേക...)